# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11 — 28.06.2016 -ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. രാജഗോപാലൻ:<br>ശ്രീ. ആന്റണി ജോൺ<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ചില സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ മെഡിക്കൽ ലാബുകളുടെയും പ്രവർത്തനം നിലവാരമില്ലാത്തതും രോഗികളെ ചൂഷണം ചെയ്യുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇവയുടെ നിലവാരവും ഫീസും നിർണ്ണയിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;<br>(സി) ഇത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിലവിൽ നിയന്ത്രണങ്ങൾ ഇല്ലെന്നത് പരിഗണിച്ച് കേന്ദ്ര സർക്കാർ പാസ്സാക്കിയ "ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ", കേന്ദ്രഭരണപ്രദേശങ്ങളിലും എട്ട് സംസ്ഥാനങ്ങളിലും നടപ്പിലാക്കിയതുപോലെ നടപ്പാക്കുമോ; അല്ലെങ്കിൽ ഇതിന് സമാനമായ നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ? | (എ), ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>(ബി)& (സി) 20.05.2016-ന് 13-ാം കേരള നിയമസഭ പിരിച്ചു വിട്ടതിനാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 196 (5) പ്രകാരം 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി പ്രസിദ്ധീകരിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ ലാപ്സായിരിക്കുകയാണ് മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ